*➯ കരാറുകൾ പതിവായി ലംഘിക്കപ്പെടുന്നതിനെതിരെ ജാഗ്രത വേണ്ടതുണ്ട് ➯*

# കരാർ ലംഘനം തുടരുന്നതിനാൽ നിൽപ്പ് സമരം പുനരാരംഭിക്കുന്നു

2014 ജൂലായ് 9 മുതൽ ഡിസംബർ 17 വരെ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ആദിവാസി നിൽപ്പ് സമരത്തെ തുടർന്നുണ്ടായ കരാറും സർക്കാർ ലംഘിക്കുകയാണ്. 2001ലെ കുടിൽകെട്ടി സമരം മുതൽ തുടരുന്ന, ആദിവാസി സമരങ്ങളുടെ ഒത്തുതീർപ്പ് വ്യവസ്ഥകളോടുള്ള തുടർച്ചയായ അവഗണനയ്ക്കെതിരെ നിൽപ്പ് സമരം വീണ്ടും സെക്രട്ടേറിയറ്റ് പടിക്കലെത്തുകയാണ്.

**എം. ഗീതാനന്ദൻ**

162 ദിവസം നീണ്ടുനിന്ന ആദിവാസി നിൽപ്പ് സമരം അവസാനിപ്പിച്ച കരാർ നടപ്പിലാക്കുന്നതിൽ സർക്കാർ അലംഭാവം കാണിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ആദിവാസി ഗോത്രമഹാസഭയുടെ ആഭിമുഖ്യത്തിൽ 2016 ജനുവരി മുതൽ വീണ്ടും സെക്രട്ടേറിയറ്റിന് മുന്നിൽ നിൽപ്പ് സമരം നടത്താൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. ഉറപ്പുകൾ പാലിക്കാത്ത സർക്കാർ നടപടിയോട് എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ടാണ് നിൽപ്പ് സമരം വീണ്ടും ഭരണസിരാകേന്ദ്രത്തിന് മുന്നിൽ അരങ്ങേറാൻ പോകുന്നത്. 2001ലെ കുടിൽകെട്ടി സമരത്തെയും മുത്തങ്ങ സമരത്തെയും തുടർന്നുണ്ടായ വാഗ്ദാനങ്ങൾ ലംഘിക്കപ്പെട്ടതിനെ തുടർന്നാണ് 'വാക്കുപാലിക്കുന്നത് ജനാധിപത്യമര്യാദയാണ്' എന്ന മുദ്രാവാക്യമുയർത്തി 2014 ജൂലായ് 9 മുതൽ ഡിസംബർ 17 വരെ സെക്രട്ടേറിയറ്റിന് മുന്നിൽ നിൽപ്പ് സമരം നടത്തിയത്. എന്നാൽ നിൽപ്പ് സമരം അവസാനിപ്പിച്ചപ്പോഴുണ്ടാക്കിയ കരാറിന്റെ നടപ്പിലാക്കലിലും സർക്കാർ വേണ്ടത്ര താത്പര്യമെടുക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ആദിവാസികളുമായുണ്ടാക്കുന്ന കരാറുകൾ പതിവായി ലംഘിക്കപ്പെടുന്നതിനെതിരെ ജാഗ്രത വേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് നിൽപ്പ് സമരം തുടരാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. ഇക്കഴിഞ്ഞ ഡിസംബർ 17ന് വയനാട് കളക്ട്രേറ്റിന് മുന്നിൽ വച്ച് ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ സമരപ്രഖ്യാപന കൺവെൻഷൻ നടന്നിരുന്നു. പുതുവർഷത്തിന്റെ തുടക്കത്തിൽ സമരം സെക്രട്ടേറിയറ്റിന് മുന്നിലേക്ക് വ്യാപിപ്പിക്കും.

### കരാറുകളുടെ സ്ഥിതി

ഭരണഘടനയുടെ 244-ാം വകുപ്പനുസരിച്ച് കേരളത്തിലെ ആദിവാസി മേഖലകൾ 5-ാം പട്ടികയിൽ ഉൾപ്പെടുത്തി ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കുകയും പെസ നിയമം (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പിലാക്കുകയും ചെയ്യണമെന്നതായിരുന്നു നിൽപ്പ് സമരം ഉന്നയിച്ച പ്രധാന ആവശ്യം. ഇത് സർക്കാർ അംഗീകരിക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഊരുകൾ, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് (ഇടമലക്കുടി, അട്ടപ്പാടി, ആറളം, നിലമ്പൂർ, വയനാട് തുടങ്ങിയവ) പെസ നിയമം നടപ്പിലാക്കും എന്ന് കരാറിൽ പറയുന്നുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അൽപ്പം മുന്നോട്ടുപോയിട്ടുണ്ട്. ആറളം, വയനാട്, അട്ടപ്പാടി ബ്ലോക്കുകളും ഇടമലക്കുടി പ

ഞ്ചായത്തും ഷെഡ്യൂൾ ചെയ്യാനുള്ള ശുപാർശ കേന്ദ്ര സർക്കാറിന് കേരളം കൈമാറിയിട്ടുണ്ട്. വിഷയം കേന്ദ്ര ആദിവാസി മന്ത്രാലയത്തിന്റെ പരിഗണനയിലാണ് ഇപ്പോഴുള്ളത്. കേന്ദ്രസർക്കാറും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യണമെന്ന കരാർ വ്യവസ്ഥ ഇഴഞ്ഞാണ് നീങ്ങുന്നത്. ഒരേക്കർ വച്ചുള്ള 291 ഏക്കർ ഭൂമി വയനാട്ടിൽ ഈ വ്യവസ്ഥ പ്രകാരം നൽകുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. മുത്തങ്ങയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നൽകുന്നതിനായാണ് ഈ ഭൂമി പരിഗണിക്കുന്നത്. അതിനുള്ള ലിസ്റ്റെല്ലാം തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർ കേശവേന്ദ്ര കുമാർ താത്പര്യമെടുത്തതുകൊണ്ടാണ് അതു നടന്നത്. എന്നാൽ രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥരും താത്പര്യമെടുക്കാത്തതുകൊണ്ട് മറ്റ് മേഖലകളിലൊന്നും ഈ തീരുമാനം നടപ്പിലാക്കലിലേക്ക് കടക്കുന്നില്ല. അട്ടപ്പാടിയിലൊന്നും കടലാസിൽ നിന്നും കാര്യങ്ങൾ ഒട്ടും നീങ്ങിയിട്ടില്ല.

ആദിവാസി മേഖലകളിൽ ഊരുക്കൂട്ടത്തെയും മറ്റുള്ളിടത്ത് കുടുംബയോഗങ്ങളെയും അടിസ്ഥാന യൂണിറ്റുകളാക്കി മാറ്റി, തദ്ദേശീയ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്താനാണ് തീരുമാനം. കുടിൽകെട്ടി സമരം മുതൽ ഞങ്ങൾ ഉന്നയിക്കുന്നതും ഭരണഘടനാപരമായ പിൻബലമുള്ളതുമായ സ്വയംഭരണം എന്ന സങ്കൽപ്പത്തെ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. വിഭവത്തിന്റെ മേൽ തദ്ദേശീയ ജനതയ്ക്കുള്ള പരമാധികാരത്തിന്റെയും ഗ്രാമസഭകളുടെ അധികാരത്തിന്റെ വിഷയങ്ങൾ ഉന്നയിക്കപ്പെടണം.

തീരുമാനമെടുക്കുന്നതിലല്ല, നടപ്പിലാക്കലിലാണ് പലപ്പോഴും ആദിവാസികൾക്കായുള്ള കരാറുകൾ പ്രശ്നത്തിലാകുന്നത്. അതുകൊണ്ടുതന്നെ ഇത് രാഷ്ട്രീയമായി നേരിടേണ്ട ഒരു പ്രശ്നമായാണ് ഞങ്ങൾ കരുതുന്നത്. കേരളത്തിലെ മാറിമാറി വരുന്ന ഇടതു-വലതു സർക്കാറുകളുടെ താത്പര്യം പൂർണ്ണമായും ആദിവാസി വിരുദ്ധമാണെന്നതിന് തെളിവാണിത്. മാഫിയകൾക്ക് വേണ്ടിയുള്ള ഭരണമാണ് ഇടതു-വലതു മുന്നണികൾ ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. സാമുദായിക സമവാക്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടാണ് മാഫിയകൾക്ക് വേണ്ടിയുള്ള തീരുമാനങ്ങൾ സർക്കാർ കൈക്കൊള്ളാറുള്ളത്. മതേതര കക്ഷികൾ എന്നവകാശപ്പെടുന്ന ഇടതു-വലതു കക്ഷികൾ ഇതാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. മതേതര വിഭാഗങ്ങളും ഹൈന്ദവ ഫാസിസ്റ്റുകളും എന്നൊരു ധ്രുവീകരണം കേരളത്തിൽ ഇപ്പോൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ, മതേതര കക്ഷികളായി പറയപ്പെടുന്ന ഇടത്-വലത് മുന്നണികളുടെ മതേതര നിലപാടുകളിലെ പാളിച്ചകൾ തുറന്നുകാണിച്ചുകൊണ്ടേ ഹൈന്ദവ ഫാസിസത്തെ എതിർക്കാൻ കഴിയൂ. ദുർബരായ പല സാമൂഹിക വിഭാഗങ്ങളോടും സർക്കാർ അവഗണന പുലർത്തുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്, പ്രത്യേകിച്ച് ആദിവാസികളോട്. മുത്തങ്ങയിൽ വെടിയേറ്റു മരിച്ച ജോഗിയുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒന്നും ലഭിച്ചില്ല. ജയിലിലടക്കപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾക്കോ നരകയാതന അനുഭവിക്കുന്ന ആദിവാസികൾക്കോ നഷ്ടപരിഹാരമില്ല. 14 കൊല്ലമായി കോടതി കയറിഇറങ്ങുകയാണ് മുത്തങ്ങ സമരത്തിൽ പങ്കെടുത്ത ആദിവാസികൾ. ഇവരുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഇടത്-വലത് മുന്നണികൾ തയ്യാറല്ല. ഇക്കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചപ്പോഴാണ് വെള്ളാപ്പിള്ളിയെ അനുകൂലിച്ചു എന്നതരത്തിലുള്ള വാർത്ത പത്രങ്ങൾ നൽകിയത്. ഇക്കാര്യങ്ങൾ കൂടി ചർച്ചയ്ക്ക് വയ്ക്കുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയ സമരമായാണ് വീണ്ടും സെക്രട്ടേറിയറ്റിന് മുന്നിൽ നിൽപ്പ് സമരം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. അടുത്തിടെ അന്തരിച്ച പ്രമുഖ ആദിവാസി ക്ഷേമ പ്രവർത്തകനും മുൻ എസ്.എസി/എസ്.ടി കമ്മീഷണറുമായിരുന്ന ബി.ഡി. ശർമ്മയുടെ അനുസ്മരണ പരിപാടി സംഘടിപ്പിച്ചുകൊണ്ട് സമരം തുടങ്ങാനാണ് ഇപ്പോൾ ആലോചിക്കുന്നത്.

ദീർഘകാല അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമേ കേരളത്തിലെ ആദിവാസി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. അത്തരത്തിലുള്ള ഒരു ചുവടുവയ്പ്പുകൂടിയാണ് വരുന്ന നിൽപ്പ് സമരത്തിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. ആദിവാസി-ദളിത് വിഭാഗങ്ങൾ സമ്മർദ്ദശക്തി അല്ലാത്തതിനാലാണ് ഇവർക്ക് പതിവായി അവഗണ നേരിടേണ്ടിവരുന്നത്. ഇക്കാരണത്താൽതന്നെ വരുന്ന തിരഞ്ഞെടുപ്പിൽ ഗോത്ര മഹാസഭയും സമാനചിന്താഗതിക്കാരായ 17 പാർശ്വവത്കൃത സംഘടനകളും ഒരുമിച്ച് ഊരുവികസന



മുന്നണി എന്ന രാഷ്ട്രീയ പാർട്ടിയുടെ ബാനറിൽ തിരഞ്ഞെടുപ്പിനെ നേരിടും. അത്തരത്തിലുള്ള ഒരു രാഷ്ട്രീയ നീക്കത്തിന്റെ പ്രഖ്യാപനം കൂടിയാണ് ഈ നിൽപ്പ് സമരം. ഒരു മുന്നണിയിലും ചേരാനുള്ള പുറപ്പാടല്ല. അടിസ്ഥാന ജനവിഭാഗങ്ങളുടെയും പാർശ്വവത്കൃതരുടെയും ഒരു സഖ്യമാണ് ഉദ്ദേശിക്കുന്നത്.

ആദിവാസി മേഖലകളിൽ ഊരുക്കൂട്ടത്തെയും മറ്റുള്ളിടത്ത് കുടുംബയോഗങ്ങളെയും അടിസ്ഥാന യൂണിറ്റുകളാക്കി മാറ്റി, തദ്ദേശീയ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്താനാണ് തീരുമാനം. കുടിൽകെട്ടി സമരം മുതൽ ഞങ്ങൾ ഉന്നയിക്കുന്നതും ഭരണഘടനാപരമായ പിൻബലമുള്ളതുമായ സ്വയംഭരണം എന്ന സങ്കൽപ്പത്തെ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. വിഭവത്തിന്റെ മേൽ തദ്ദേശീയ ജനതയ്ക്കുള്ള പരമാധികാരത്തിന്റെയും ഗ്രാമസഭകളുടെ അധികാരത്തിന്റെ വിഷയങ്ങൾ ഉന്നയിക്കപ്പെടണം. 'ഊര്' എന്ന് പേരിൽ വരുന്നതുകൊണ്ട് ഇത് ആദിവാസികൾക്ക് മാത്രമുള്ള രാഷ്ട്രീയ വേദിയായി കരുതേണ്ടതില്ല. എല്ലാവർക്കും ബാധകമായ ഒരു സ്വയംഭരണത്തിന്റെ രാഷ്ട്രീയമാണ് ഇവിടെ 'ഊര്' എന്നതിലൂടെ ഉദ്ദേശിക്കുന്നത്. ഇടതു-വലതു മുന്നണികളുടെ സാമുദായിക പ്രീണന രാഷ്ട്രീയത്തെ തുറന്നുകാണിച്ചുകൊണ്ട് ഹിന്ദു ഫാസിസത്തെ പ്രതിരോധിക്കുക എന്നതാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. സാമൂഹിക രാഷ്ട്രീയ ഇടപെടലായി നിൽപ്പ് സമരത്തെ വികസിപ്പിക്കുന്നതിനാണ് ഞങ്ങൾ ഇപ്പോൾ ശ്രമിക്കുന്നത്.

രാഷ്ട്രീയ മഹാസഭ എന്നൊരു രാഷ്ട്രീയ വേദി മുമ്പ് ഞങ്ങളുണ്ടാക്കിയിരുന്നു. ദളിത്-ആദിവാസി സാമുദായിക സംഘടനകളുടെ ഒരു ഏകീകരണമായാണ് രാഷ്ട്രീയ മഹാസഭയെ ഞങ്ങൾ കണ്ടിരുന്നത്. എന്നാൽ ഊരു വികസന മുന്നണികൊണ്ട് ഉദ്ദേശിക്കുന്നത് സമുദായങ്ങളുടെ ഏകീകരണമല്ല, ദരിദ്ര ജനതയുടെ ഏകീകരണമാണ്.

നിൽപ്പ് സമരത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള സമയം കാലാവധി തീരാൻ പോകുന്ന ഈ സർക്കാറിന് ഇനിയില്ല. പക്ഷെ ഞങ്ങൾക്ക് സമരമല്ലാതെ മറ്റു വഴികളില്ല. ഈ സർക്കാർ പോയി അടുത്ത സർക്കാർ വന്നാലും ആദിവാസികളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടുമെന്ന് പ്രതീക്ഷയില്ല. അതുകൊണ്ട് തുടർച്ചയായ സമരങ്ങൾ മാത്രമാണ് മുന്നിലുള്ള മാർഗ്ഗം. ■


# നാട്ടരിമേള

2016 ജനുവരി 15, 16 വെള്ളി, ശനി
(1191 മകരം 1, 2)
പയ്യന്നൂർ ഗാന്ധിപാർക്കിൽ

**ബന്ധങ്ങൾക്ക്: നല്ലഭൂമി, പയ്യന്നൂർ**
**9846220884, 9447773946, 9400500778**